**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3427** **15-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി ദെലീമ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന അരി സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി ഉപയോഗിക്കാൻ സർക്കാർ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയിരുന്നോ; വിശദമാക്കാമോ; | (എ) | ഇല്ല. |
| (ബി) | നിലവിൽ കേരളത്തിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന നെല്ല് പ്രസ്തുത ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുമെന്നും നെല്ല് സംഭരണത്തിലെ നിലവിലെ പ്രതിസന്ധിക്ക് പരിഹാരമാവുമെന്നും കരുതുന്നുണ്ടോ; | (ബി) | കേരളത്തിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന നെല്ലിൽ നിന്നുള്ള കസ്റ്റം മിൽഡ് അരി സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് ഉപയോഗപ്പെടുത്താവുന്നതാണെന്നും അതിനാൽ ഇത് സംബന്ധിച്ച ഒരു പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനോട് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്. ടി വിഷയം പരിശോധിച്ചുവരുന്നു.<br><br>വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ധാരണാപത്രം പ്രകാരം കർഷകരിൽനിന്നും നെല്ല് സംഭരിച്ച് മില്ലുകളിൽ സംസ്കരിച്ച് പൊതുവിതരണ സംവിധാനത്തിനായി വിതരണം ചെയ്യേണ്ടതാണ്. മറ്റ് പദ്ധതികൾക്ക് ഈ അരി വകമാറ്റം ചെയ്യുവാൻ അനുവദിക്കുന്നതല്ല. കർഷകരിൽനിന്നും നെല്ല് സംഭരണത്തിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന നോഡൽ ഏജൻസിയാണ് സപ്ലൈകോ. സപ്ലൈകോയുടെ മേൽനോട്ടത്തിൽ നെല്ല് കർഷകരുടെ കൃഷിയിടത്തിൽ നിന്ന് സംഭരിച്ച് കരാറിൽ ഏർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖാന്തിരം അരിയാക്കി കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം പൊതു വിതരണ സംവിധാനത്തിലൂടെ എ.എ.വൈ, പി.എച്ച്.എച്ച് കാർഡുടമകൾക്ക് വിതരണം നടത്തുകയാണ് നിലവിൽ ചെയ്തുവരുന്നത്. |

| | | | |
|---|---|---|---|
| (സി) | ഒരു വർഷത്തേക്ക് ഉച്ചഭക്ഷണ പദ്ധതിക്കായി എത്ര ടൺ അരി വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (സി) | നടപ്പ് വർഷത്തേക്ക് 71598.85 ടൺ അരി വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആയത് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | അന്യസംസ്ഥാനങ്ങളിൽ നിന്നും അരി സംഭരിക്കാൻ കേന്ദ്രം ചെലവിടുന്ന തുക കേരളത്തിന് പണമായി നൽകണമെന്ന ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഇത്തരത്തിലൊരു ആവശ്യം പൊതുവിദ്യാഭ്യാസ വകുപ്പ് മുന്നോട്ട് വെച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ